# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: 282 — 29.01.2014-ൽ മറുപടിയ്ക്ക്

### തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം വിലയിരുത്തൽ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ഡോ.ടി.എം.തോമസ് ഐസക്<br>ഡോ.കെ.ടി.ജലീൽ<br>ശ്രീ.എളമരം കരീം<br>ശ്രീ.എം.ഹംസ | | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| എ) | സർക്കാരിന്റെ മൂന്നാം തട്ടായി പ്രവർത്തിക്കാൻ പ്രാപ്തിയുള്ളവയായി, സംസ്ഥാനത്തെ തദ്ദേശസ്ഥാപനങ്ങൾ മാറിക്കഴിഞ്ഞിട്ടുണ്ടോ; ഇതു സംബന്ധിച്ച വിലയിരുത്തലുകൾ വിശദമാക്കാമോ; | എ), ബി) & സി) | ഭരണഘടനാപരമായുള്ള അധികാര വികേന്ദ്രീകരണം എല്ലാ മേഖലകളിലും ഏകദേശം പൂർത്തീകരിച്ചിട്ടുള്ള സംസ്ഥാനമാണ് കേരളം. ഭരണഘടനയിലെ 11-ാം ഷെഡ്യൂളിൽ പഞ്ചായത്തുകൾക്ക് കൈമാറി കൊടുക്കുവാൻ നിർദ്ദേശിച്ചിട്ടുള്ള 29 ചുമതലകളിൽ 25 എണ്ണവും ആയവ നടപ്പിലാക്കാൻ ഉതകുന്നവിധമുള്ള ഉദ്യോഗസ്ഥരും ആസ്ഥിബാധ്യതകളും ഉൾപ്പെടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിക്കൊണ്ട് വികേന്ദ്രീകൃതാസൂത്രണത്തിന് പുതിയമാനങ്ങൾ നൽകിയ സംസ്ഥാനമാണ് കേരളം. പഞ്ചായത്തുകളെ, വ്യവസ്ഥാപിതമായ പദ്ധതി രൂപീകരണത്തിന് സഹായിക്കാനുതകുംവിധം പഞ്ചവത്സരപദ്ധതി ആരംഭിക്കുകയുണ്ടായി. പഞ്ചായത്തുകളിലെ വാർഷിക പദ്ധതികൾ ഓരോ രണ്ടു വർഷത്തേയ്ക്കും തയ്യാറാക്കി അംഗീകാരം വാങ്ങുന്നതിനും പദ്ധതി വെറ്റിംഗ് (plan vetting) പഞ്ചായത്ത് തലത്തിൽ നടത്തുവാൻ തീരുമാനിച്ചതും, പദ്ധതി മോണിറ്ററിംഗ് സുതാര്യമാക്കിയതും സ്വാതന്ത്ര്യമായ പദ്ധതി രൂപീകരണത്തിന് പഞ്ചായത്തുകളെ പ്രാപ്തരാക്കി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഇ-ഗവേർണൻസ് ഫലപ്രദമായി നടപ്പിലാക്കിയത് വിവരസാങ്കേതിക മേഖലയിൽ വളരെയേറെ മുന്നേറാൻ തദ്ദേശ സ്ഥാപനങ്ങൾക്ക് പ്രചോദനം നൽകി.<br><br>കൃത്യവും സുതാര്യവുമായ തിരഞ്ഞെടുപ്പ് ഉറപ്പു വരുത്തുന്നതിനായി നഗരസഭകൾക്ക് പുറമേ ത്രിതല പഞ്ചായത്തുകളിലും Electronic Voting Machine ഉപയോഗിക്കുന്നതിന് വേണ്ട സംസ്ഥാന തിര |
| ബി) | തദ്ദേശ സ്വയംഭരണത്തിനുള്ള സ്ഥാപനങ്ങൾ എന്ന നിലയിൽ പ്രവർത്തിക്കുന്നതിന് അധികാരങ്ങളും ചുമതലകളും നിർവ്വഹിക്കുവാൻ അവയ്ക്ക് സാധ്യമാകുന്നുണ്ടോ; | | |
| സി) | സാമ്പത്തികവളർച്ചയും സാമൂഹ്യനീതിയും ഉതകുന്ന നിലയിൽ തദ്ദേശ സ്ഥാപനങ്ങൾക്ക് പ്രവർത്തിക്കാൻ വിഘാതമായി നില്ക്കുന്ന ഘടകങ്ങൾ എന്തൊക്കെയാണെന്നും ഇത് വിലയിരുത്തിയിട്ടുണ്ടോയെന്നും വിശദമാക്കാമോ; | | |

ഞ്ഞെടുപ്പ് കമ്മീഷന്റെ പ്രവർത്തനങ്ങൾക്ക് എല്ലാ വിധത്തിലുമുള്ള മേൽനോട്ടവും സഹായവും നൽകുകയുണ്ടായി. EVM ഉപയോഗിച്ചാണ് ഇപ്പോൾ ഉപതെരെഞ്ഞെടുപ്പുകൾ നടത്തുന്നത്. ഇത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തെരെഞ്ഞെടുപ്പനുബന്ധതർക്കങ്ങൾ ഒഴിവാക്കാൻ സഹായിക്കുന്നു.

പ്രവർത്തന മികവിന്റെ അടിസ്ഥാനത്ത ിൽ മികച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ തിരഞ്ഞെടുക്കുന്ന നടപടികളിലൂടെ വളർച്ചാ മേഖലയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തമ്മിലുള്ള ആരോഗ്യപരമായ മത്സരം സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

പഞ്ചായത്തുകളിൽ അധികതസ്തികകൾ സൃഷ്ടിച്ചതിലൂടെ ജോലിഭാരം കുറയ്ക്കുവാനും നിലവിലെ പദ്ധതി നടപടികളിൽ വേണ്ടത്ര ശ്രദ്ധ പതിപ്പിക്കാനും അവയെ സന്നദ്ധരാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എൻജിനീയറിംഗ് വിഭാഗത്തിൽ കൂടുതൽ തസ്തികകൾ അനുവദിച്ചു കൊണ്ട് സാങ്കേതികമായി മുന്നേറാൻ തദ്ദേശ സ്ഥാപനങ്ങൾക്ക് കരുത്തേകി.

കാലാനുസൃതമായുള്ള പരിഷ്കാരങ്ങൾക്ക് വിധേയമായി തദ്ദേശസ്വയംഭരണ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും വിവിധ മേഖലകളിൽ പരിശീലനപരിപാടികൾ നടത്തുകയും ആയതിന്റെ പുരോഗതി വിലയിരുത്തുകയും ചെയ്യുന്നു. ഗ്രാമസഭ/വാർഡ്സഭ നിയമാനുസൃതമായി വിളിച്ചു ചേർക്കുന്നതിനും അവയിൽ ജനകീയപങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും സഹായകരമാകും വിധമുള്ള നിർദ്ദേശങ്ങളും ഉത്തരവുകളും പുറപ്പെടുവിക്കുന്നുണ്ട്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ ഊർജ്ജപ്പെടുത്തുവാനായി കാലോചിതമായ ഭേദഗതികൾ കേരളാ പഞ്ചായത്ത് രാജ് മുനിസിപ്പാലിറ്റി നിയമങ്ങളിൽ വരുത്തിയിട്ടുണ്ട്. സേവനാവകാശ നിയമം ആദ്യമായി നടപ്പിലാക്കിയത് തദ്ദേശസ്വയംഭരണ വകുപ്പാണ്. പഞ്ചായത്തുകൾ വഴി പത്തോളം സേവനങ്ങൾ നടപ്പിലാക്കുന്നു. കൂടാതെ പൌരന്മാർക്ക് നൽകുന്ന സേവനങ്ങൾ സംബന്ധിച്ച പൌരാവകാശ രേഖ [Citizen Chart] പഞ്ചായത്തുകൾ കൃത്യമായി പ്രസിദ്ധീകരിക്കുന്നുണ്ട്. എന്നിരുന്നാലും സ്വയം പ്രവർത്തനത്തിന് ചില

| | | |
|---|---|---|
| | | ഘടകങ്ങൾ തദ്ദേശസ്ഥാപനങ്ങൾക്ക് വിഘാതം സൃഷ്ടിക്കുന്നുണ്ട്. നിലവിൽ മിക്ക തദ്ദശസ്വയംഭരണ സ്ഥാപനങ്ങളുടേയും തനതു ഫണ്ട് അപര്യാപ്തമാണ്. സാമ്പത്തിക അച്ചടക്കം പാലിക്കുന്നതിൽ അവ വേണ്ടത്ര ശുഷ്കാന്തി കാണിക്കുന്നില്ല. കർണ്ണാടക സംസ്ഥാനത്തിൽ പാസ്സാക്കിയിട്ടുള്ള Fiscal Responsibility Act-നു സമാനമായ ഒരു നിയമം പാസ്സാക്കുവാൻ നിർദ്ദേശം ഉണ്ടായിരുന്നെങ്കിലും ആയത് പാസ്സാക്കാൻ ഇതുവരെയും കഴിഞ്ഞിട്ടില്ല. കൂടാതെ ഉദ്യോഗസ്ഥരും ജനപ്രതിനിധികളും സാമ്പത്തിക അച്ചടക്കം പൂർണ്ണമായും പാലിക്കുന്നുണ്ടോ എന്നത് വിലയിരുത്തുവാൻ നിലവിലെ സംവിധാനങ്ങൾ അപര്യാപ്തമാണ്.<br><br>കൈമാറ്റം ചെയ്ത ഉദ്യോഗസ്ഥന്മാരുടെ മേൽ തദ്ദേശസ്ഥാപനങ്ങൾക്ക് പൂർണ്ണമായ നിയന്ത്രണാധികാരമില്ല. ഉദ്യോഗസ്ഥന്മാരുടെ സേവന വേതന വ്യവസ്ഥകൾ നിർണയിക്കുന്നതും കൈക്കാര്യം ചെയ്യുന്നത് സർക്കാരാണ്. തദ്ദശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മാത്രമായി ഒരു independent audit commission രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം വികേന്ദ്രീകൃതാസൂത്രണം തുടങ്ങിയ കാലം മുതൽ നിലവിൽ ഉണ്ടായിരുന്നെങ്കിലും ഇതുവരെയും പ്രാവർത്തികമാക്കിയിട്ടില്ല. നിലവിലെ audit സംവിധാനത്തിൽ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും പരസ്പരമുള്ള പരാതികളും തർക്കങ്ങളും ഇപ്പോഴും തുടരുന്നുണ്ട്.<br><br>ജനപ്രതിനിധികൾ തദ്ദേശസ്ഥാപനത്തെ ഒന്നായി കണ്ട് പദ്ധതി രൂപീകരിക്കുന്നതിനുപകരം വാർഡ് വികസനത്തിന് മുൻതൂക്കം നൽകാനായി വാർഡ്തലത്തിൽ പദ്ധതികൾ രൂപീകരിക്കുന്നതായി ആരോപണങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. മേൽ കാരണങ്ങൾ കൊണ്ടു തന്നെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഒരു മൂന്നാംതട്ട് സർക്കാരായി പ്രവർത്തിക്കുന്നതിൽ പൂർണ്ണമായി വിജയിക്കുവാൻ സാധിച്ചിട്ടില്ല. |
| ഡി) | ഭരണഘടനയുടെ പതിനൊന്നാം പട്ടികയിൽ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ഉൾപ്പെടുത്തിയ ചുമതലകളിൽ സർക്കാർ ഇനിയും കൈമാറാത്തവ എന്തൊക്കെയാണ്? | ഡി) ഭരണഘടനയുടെ പതിനൊന്നാം പട്ടികയിൽ പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്ക് കൈമാറുവാൻ നിർദ്ദേശിച്ചിട്ടുള്ള 29 ചുമതലകളിൽ, ഇനിയും കൈമാറിയിട്ടില്ലാത്ത 4 വിഷയങ്ങൾ താഴെ പറയുന്നവയാണ്.<br>1. വൈദ്യുതി വിതരണം ( Distribution of Electricity) |

2. പൊതുവിതരണ സംവിധാനം (Public Distribution system)
3. ചെറുകിടവന വിഭവ ശേഖരണം (Minor Forest Produce)
4. ഭൂപരിഷ്കരണ നിയമം നടപ്പാക്കൽ (Implementation of Land Reforms)

സെക്ഷൻ ഓഫീസർ